വാനായി 22.08.97-ൽ ഒരു ഹൈലെവൽ കമ്മിറ്റി നിലവിൽ വന്നു. പുനരവ ലോകന പ്രക്രിയ ത്വരിതപ്പെടുത്തുന്ന ജോലികൾ ഈ കമ്മിറ്റി സ്വീകരിച്ചു വരുന്നു.

(ബി) രണ്ട് സംസ്ഥാനങ്ങൾ തമ്മിലുണ്ടാക്കിയ ഈ കരാർ പുനരവ ലോകനം ചെയ്യാനുള്ള നടപടികൾ ഇക്കാലമത്രയും നടന്നു വരുന്നുണ്ടായിരു ന്നു. എന്നാൽ, പി.എ.പി. കരാറിന്റെ വ്യവസ്ഥകൾ പലതും തമിഴ്നാട് ലംഘി ച്ചിട്ടുണ്ട്. ഈ ലംഘനങ്ങൾ തിരുത്തണമെന്ന് തമിഴ്നാട് സർക്കാരിനോട് ശക്തമായി ആവശ്യപ്പെട്ടെങ്കിലും തമിഴ്നാട് ഇതുവരെ അനുകൂലമായി പ്രതി കരിച്ചിട്ടില്ല. തൽഫലമായി ഇതിനെതിരെ ആവശ്യമായ നിയമനടപടികളു മായി മുന്നോട്ടു പോകുകയാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് മാത്രമേ കരാർ പുനരവലോകനം ചെയ്യാൻ സാദ്ധ്യമാകുകയുള്ളു.

(സി) പറമ്പിക്കുളം ഡാം ഗ്രൂപ്പിൽ നിന്നും 1970-71 മുതൽ 1997-98 വരെയുള്ള കാലയളവിൽ 5 വർഷം മാത്രമാണ് കേരളത്തിന് അർഹതപ്പെട്ട ജലം ലഭിച്ചിട്ടുള്ളത്. ഇത് മണക്കടവ് വിയറിൽ ലഭ്യമായി വരുന്നുണ്ട്. ഈ തോതിൽ അധികജലം എല്ലാവർക്കും ലഭ്യമാകാത്ത സാഹചര്യത്തിൽ ഇപ്പോൾ പി.എ.പി ഗ്രൂപ്പിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ജലത്തിന്റെ ആനുപാ തിക വിഹിതം കേരളത്തിന് ലഭ്യമാക്കുന്ന തരത്തിൽ കരാറിലെ വ്യവസ്ഥ പുനരവലോകനം ചെയ്യണമെന്ന തത്വത്തിൽ അധിഷ്ഠിതമായാണ് പുനരവ ലോകന ചർച്ചകൾ നടത്തി വരുന്നത്. അധികജലം എല്ലാവർഷവും ലഭ്യമാകു മെന്നുറപ്പായാൽ മാത്രമേ കേരളത്തിന്റെ ചെലവിൽ പ്രത്യേകം ഒരു കനാൽ നിർമ്മിക്കുന്നതിന് പ്രസക്തിയുള്ളു. അധികജല ലഭ്യതയുടെ കുറവാണ് കനാൽ നിർമ്മാണം നടപ്പിലാക്കാത്തതിന് കാരണം..

(ഡി) തമിഴ്നാടിന്റെ സമ്മർദ്ദമുണ്ടായിട്ടില്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

8 (*496) ശ്രീ. എളമരം കരീം :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ടി.കെ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോ ദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തന ങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കമ്പോളത്തിൽ ഇടപെടുന്നതിനും നിത്യോപയോഗസാധന ങ്ങൾ വിതരണം ചെയ്യുന്നതിനും കോർപ്പറേഷൻ എന്തെങ്കിലും പങ്കു വഹിക്കു ന്നുണ്ടോ;

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഘടിപ്പിക്കുന്ന വില്പന കേന്ദ്രങ്ങളിൽ വില്പനയ്ക്കാവശ്യമുള്ള ഭക്ഷ്യസാധനങ്ങൾ കോർപ്പറേഷൻ നേരിട്ടു വാങ്ങുന്നതാണോ;

(ഡി) കോർപ്പറേഷന്റെ സ്റ്റോക്ക് വെരിഫൈ ചെയ്യാനും ആവശ്യ ത്തിന് സാധനങ്ങൾ സീസൺ നോക്കി പർച്ചേസ് ചെയ്യുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്കൂൾ ഉച്ചഭക്ഷണപരിപാടിക്ക് ആവശ്യമായ അരിയും പയറും കോർപ്പറേഷൻ വിതരണം ചെയ്യുന്നുണ്ടോ; ഈ ഇനത്തിൽ കോർപ്പറേഷന് എന്തു തുകയാണ് ലഭിക്കാനുള്ളത്;

(എഫ്)ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൾ സപ്ലൈസ് കോർപ്പറേഷന് എത്ര കോടി രൂപയുടെ വായ്പയാണ് നൽകിയിട്ടുള്ളത്; വായ്പയുടെ പലിശയിനത്തിൽ പ്രതിവർഷം സംസ്ഥാന സർക്കാരിന് എത്ര കോടി രൂപയാണ് നല്കാനുള്ളത്; ഇതുവരെയുള്ള സഞ്ചിത നഷ്ടം എത്ര കോടി രൂപയാണ്?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ)&(ബി) ഗുണനിലവാരമുള്ള നിത്യോപയോഗസാധനങ്ങൾ മാവേലിസ്റ്റോറുകൾ, സൂപ്പർമാർക്കറ്റുകൾ, മിനി സൂപ്പർമാർക്കറ്റുകൾ തുടങ്ങിയ പൊതുവിതരണ കേന്ദ്രങ്ങളിലൂടെ ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മുഖ്യമായ പ്രവർത്തനം. കമ്പോളത്തിൽ ഇടപെട്ട് നിത്യോപയോഗസാധനങ്ങൾ നിയന്ത്രിത വിലയ്ക്ക് സംസ്ഥാനത്ത് ഉടനീളമുള്ള പൊതുവിതരണശൃംഖലയിലൂടെ പല പ്രകാരത്തിൽ ലഭ്യമാക്കുക വഴി ഇവയുടെ വില പൊതുവിപണിയിൽ ക്രമാതീതമായി ഉയരുന്നതു തടയുവാൻ ഏറെ സാധ്യമായിട്ടുണ്ട്. മറ്റു പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി)&(ഡി) ഓരോ സാമ്പത്തിക വർഷാവസാനവും ഹെഡ് ഓഫീസിലെ ഉദ്യോഗസ്ഥന്മാർ സ്റ്റോറുകളും ഡിപ്പോകളും സന്ദർശിച്ച് സ്റ്റോക്ക് തിട്ടപ്പെടുത്തുന്നു. വിതരണത്തിനു വേണ്ടി വരുന്ന സാധനങ്ങളുടെ അളവ് തിട്ടപ്പെടുത്തുന്നത് മാവേലി സ്റ്റോറുകൾ തുടങ്ങിയ വിതരണ കേന്ദ്രങ്ങളിൽ നിന്നും റീജണൽ മാനേജർമാർ മുഖേന ലഭിക്കുന്ന 'ഇൻഡന്റിന്റെ' അടിസ്ഥാനത്തിലാണ്. പലവ്യഞ്ജനങ്ങളും മറ്റും വാങ്ങുന്നത് ടെൻഡർ അടിസ്ഥാനത്തിൽ, തികച്ചും സുതാര്യമായ രീതിയിലാണ്. വിളവെടുപ്പു സീസണിൽ, വില നിലവാരം അനുകൂലമാണെങ്കിൽ, കൂടുതൽ ഭക്ഷ്യസാധനങ്ങൾ വാങ്ങുവാനും അവ കേടുവരാതെ സൂക്ഷിക്കുവാനും ഉള്ള സംവിധാനം ഉണ്ട്.

(ഇ) ഉണ്ട്. ഈയിനത്തിൽ 20.73 കോടി രൂപ കോർപ്പറേഷന് ലഭിക്കാനുണ്ട്.

(എഫ്)ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 35 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. പലിശ, പിഴ പലിശയിനത്തിൽ 1998-99ൽ 28.42 കോടി രൂപ സർക്കാരിനു നൽകാനുണ്ട്. താല്ക്കാലിക കണക്കനുസരിച്ച് 31.3.1999 വരെയുള്ള സഞ്ചിതനഷ്ടം 157.49 കോടി രൂപയായി കണക്കാക്കപ്പെടുന്നു.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ.....

നിഷ്പക്ഷത പാലിക്കുന്നവർ

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വിശ്വൻ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. വിശ്വൻ : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. പി. വിശ്വൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു. 1999-ലെ കേരള സ്പോർട്സ് ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

നിഷ്പക്ഷതപാലിക്കുന്നവർ.....

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1999 ജൂലൈ മാസം 20-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.47-ന് പിരിഞ്ഞു.)

അനുബന്ധം - I

(19.7.99-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 8 (*496) ദയവായി കാണുക)

1. സിവിൽ സപ്ലൈസ് കോർപ്പറേഷൻ എല്ലാമാസവും 12375 ടൺ പഞ്ചസാര പൊതുവിതരണത്തിനുവേണ്ടി 14279 റേഷൻ കടകൾവഴി വിതരണം നടത്താൻ 61 താലൂക്ക് ഡിപ്പോകൾ വഴി എത്തിച്ചുകൊടുക്കുന്നു.

2. സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങൾക്ക്, പൊതുവിതരണ പദ്ധതി പ്രകാരമുള്ള അരിയും ഗോതമ്പും വിതരണം ചെയ്യുന്ന 9 ഹോൾസെയിൽ സബ്ഡിപ്പോകൾ പലയിടങ്ങളിലായി കോർപ്പറേഷൻ ഏറ്റെടുത്ത് നടത്തിവരുന്നു.

3. ഗോതമ്പു പൊടിച്ച് ആട്ടയാക്കി റേഷൻ കടകളിലൂടെയും സ്വന്തം വില്പന ശാലകളിലൂടെയും കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കുന്നു.

4. സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ഉച്ചഭക്ഷണ പദ്ധതിക്ക് ആവശ്യമായ ധാന്യങ്ങൾ സ്കൂളുകൾക്ക് നൽകുന്നു.

5. ഉത്സവകാലങ്ങളിൽ ഉണ്ടാകാവുന്ന വിലക്കയറ്റം പിടിച്ചു നിർത്തുക എന്ന ലക്ഷ്യം മുൻനിർത്തി ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ഉത്സവകാലങ്ങളിൽ ഉത്സവ ചന്തകൾ നടത്തുന്നു.

6. ഉപഭോക്തൃ വസ്തുക്കൾ ഒരു കുരയ്ക്കു കീഴിൽ ലഭ്യമാക്കുന്നതിനായി 18 സൂപ്പർ മാർക്കറ്റുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിപ്പിക്കുന്നു.

7. ജീവൻരക്ഷാ ഔഷധങ്ങൾ ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി 9 മാവേലി മെഡിക്കൽ ഷോപ്പുകൾ നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8. മായമില്ലാത്ത പെട്രോളിയം ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 9 പെട്രോൾ ബങ്കുകൾ, 4 എൽ.പി.ജി. കേന്ദ്രങ്ങൾ ഒരു മണ്ണെണ്ണ ഡിപ്പോ എന്നിവ കോർപ്പറേഷൻ നടത്തുന്നു.

9. 'ശബരി' എന്ന ട്രേഡ് നാമത്തിൽ തേയില, കാപ്പിപ്പൊടി, ഉപ്പു, വിവിധയിനം കറിപ്പൊടികൾ, അരി, ബാർസോപ്പ്, ഡിറ്റർജെന്റുകൾ, നോട്ടുബുക്കുകൾ എന്നിവ കുറഞ്ഞ വിലയ്ക്കു ലഭ്യമാക്കുന്നു.

അനുബന്ധം - II

(19.7.99-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 8 (2937) ദയവായി കാണുക)

ജില്ല	തുക ലഭിച്ച വ്യക്തിയുടെ പേരും വിലാസവും	ലഭിച്ച തുക	തുക അനുവദിക്കാനുള്ള കാരണം
1. പാലക്കാട്	ശ്രീ. ബാലൻ കെ. നായർ, രാമൻ കണ്ടത്തു, വാടനാംകുറിശ്ശി, ഷൊർണ്ണൂർ	15,000	സ്വന്തം ചികിൽസക്ക്
,,	ശ്രീ. നടനം ഗോപാലകൃഷ്ണൻ, മാങ്കോട് പി.ഒ., പാലക്കാട്	10,000	,,
,,	ശ്രീ. എം.സി. കൃഷ്ണനുണ്ണി നായർ, 120/2, ഇൻഫന്ററി റോഡ്, ബാംഗ്ലൂർ	15,000	,,
2. ആലപ്പുഴ	1. ശ്രീ. പുതുപ്പള്ളി രാഘവൻ രാജ് വിലാസം ഗോവിന്ദമുട്ടം	10,000	,,
	2. ശ്രീ. എ.പി. ഗോപാലൻ, കെ.പി. എ.സി. നാടക ഗാന രചയിതാവ് കായംകുളം	10,000	,,
3. കാസർഗോഡ്	1. കുമാരി കസ്തൂരി കമ്മത്തു പുത്തൂർ, കാസർഗോഡ്	10,000	,,
	2. ശ്രീ. മധുസൂധനൻ, അടക്കത്തു സവിൽ ബിച്ചു	10,000	മകളുടെ ചികിൽസയ്ക്ക്
4. കോഴിക്കോട്	1. എം. കുട്ടിക്കൃഷ്ണൻ, തീക്കൊടി, കോഴിക്കോട്	25,000	സ്വന്തം ചികിൽസയ്ക്ക്
	2. ശ്രീമതി ആര്യാദേവി (പ്രേംജിയുടെ ഭാര്യ)	15,000	ഭർത്താവിന്റെ ചികിൽസയ്ക്ക്
5. തിരുവനന്തപുരം	1. ശ്രീമതി സുലോചനാ ദേവി (തിക്കുറിശ്ശിയുടെ ഭാര്യ)	25,000	,,

മറ്റു ജില്ലകളിൽ പ്രത്യേക കേസ്സായി 5000 (അയ്യായിരം) രൂപയിൽ കൂടുതൽ അനുവദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly